# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2684

10/12/2014-ൽ മറുപടിക്ക്

## വ്യാജ പരസ്യങ്ങൾ വഴിയുള്ള ഔഷധ, ഭക്ഷണവസ്തുക്കളുടെ വിൽപ്പന തടയൽ

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് വ്യാജമായ അവകാശവാദങ്ങൾ ഉന്നയിച്ചും അന്ധവിശ്വാസങ്ങളെ മുതലെടുത്തും വ്യാജപരസ്യങ്ങൾ നൽകി ഔഷധങ്ങളും ആഹാരവസ്തുക്കളും വൻവിലയിൽ വിപണനം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) ഇത്തരം വ്യാജപരസ്യങ്ങൾ നൽകുന്നതിൽ നിന്ന് ഉല്പാദകരേയും മാധ്യമങ്ങളേയും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ പുതിയ നിയമനിർമ്മാണം പരിഗണിക്കുമോ?

ബി) മരുന്നുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നത് 1954 -ലെ ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) നിയമ പ്രകാരമാണ്. പ്രസ്തുത നിയമപ്രകാരം ഔഷധങ്ങൾ താഴെപ്പറയുന്ന രോഗങ്ങളിൽ നിന്ന് മുക്തി നൽകും എന്ന് ഒരു ഉൽപ്പാദകരും പരസ്യം ചെയ്യാൻ പാടില്ല.

i. The procurement of miscarriage of women or prevention of conception in womer; or
ii. The maintenance or improvement of the capacity of human beings for sexual pleasure; or
iii. The correction of menstrual disorder in women
iv. The diagnosis, cure,

mitigation,treatment or prevention of any disease, disorder or condition specified in the schedule.

ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) നിയമത്തിന്റെ ലംഘനത്തിന് സംസ്ഥാനത്ത് 113 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ നിയമത്തിന്റെ ലംഘനത്തിന് വകുപ്പ് കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇപ്രകാരം പരസ്യങ്ങൾ നൽകി മരുന്നുക ൾ വിറ്റഴിക്കുന്നതിൽ നിന്ന് ഒരു പരിധി വരെ ഉൽപ്പാദകരെ തടയാൻ വകുപ്പിന് സാധിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ തീരുമാനത്തിന് വിധേയമായി ഇക്കാര്യത്തിൽ പുതിയ നിയമ നിർമ്മാണം നടത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ